# Desabhimani
# 22 August 2018
# Koothattukulam, Flood Relief

പ്രളയദുരിതാശ്വാസം

## 35 സെന്റ് സ്ഥലം കൈമാറി മുൻ എസ്എഫ്ഐ നേതാവ്



35 സെന്റ് സ്ഥലം വിട്ടുനൽകുന്ന ജയചന്ദ്രന്റെ അച്ഛൻ ചന്ദ്രശേഖര പണിക്കരും അമ്മ ആനന്ദവല്ലിയും

സ്വന്തം ലേഖകൻ

**കൂത്താട്ടുകുളം**

പ്രളയബാധിതരെ സഹായിക്കാൻ മുൻ എസ്എഫ്ഐ നേതാവായ അമേരിക്കൻ മലയാളി 35 സെന്റ് സ്ഥലം നൽകി. കൂത്താട്ടുകുളം തിരുമാറാടി ഗോകുലം വീട്ടിൽ കെ ചന്ദ്രശേഖര പണിക്കരുടെയും കെ സി ആനന്ദവല്ലിയുടെയും മകനായ കെ ജയചന്ദ്രനാണ് കൂത്താട്ടുകുളം ടൗണിനോടു ചേർന്ന് എംസി റോഡരികിൽ ലക്ഷങ്ങൾ വിലമതിക്കുന്ന സ്ഥലം നൽകുന്നത്. സ്ഥലം സിപിഐ എമ്മിന് കൈമാറുമെന്ന് ജയചന്ദ്രൻ 'ദേശാഭിമാനി'യോട് പറഞ്ഞു.

പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുകയോ സ്ഥലം വിറ്റ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകുകയോ ചെയ്യാം. എന്തു വേണമെന്ന് പാർടിക്ക് തീരുമാനിക്കാമെന്നും ജയചന്ദ്രൻ പറഞ്ഞു. സിപിഐ എം തിരുമാറാടി ലോക്കൽ സെക്രട്ടറി അനിൽ ചെറിയാനെ അറിയിച്ച് ഉടൻതന്നെ ഭൂമി രജിസ്റ്റർ ചെയ്തു നൽകണമെന്ന് ജയചന്ദ്രൻ പറഞ്ഞതായി നാട്ടിലുള്ള മാതാപിതാക്കൾ അറിയിച്ചു. മകന്റെ പ്രവൃത്തിയിൽ അഭിമാനവും സന്തോഷവുമുണ്ടെന്ന് അമ്മ ആനന്ദവല്ലി പറഞ്ഞു. 'അധികം സമ്പാദിച്ചിട്ടില്ല. എങ്കിലും അവൻ അങ്ങനെയാണ്. ആരെയും സഹായിക്കും'- അവർ പറഞ്ഞു.

സ്വന്തം അധ്വാനംകൊണ്ട് ജയചന്ദ്രൻ വാങ്ങിയതാണ് സ്ഥലം. നാട്ടിൽ ഇല്ലാത്തതിനാൽ അച്ഛന്റെ പേരിലാണ് വാങ്ങിയത്. 48 സെന്റ് ഉണ്ടായിരുന്നു. വീടില്ലാത്ത ഒരു ബന്ധുവിന് 10 സെന്റ് സ്ഥലം നേരത്തെ സൗജന്യമായി നൽകി. ബാക്കിയുള്ള 38 സെന്റിന്റെ കുറച്ച് ഭാഗം റോഡിനായി നൽകി. ശേഷിക്കുന്ന 35 സെന്റ് സ്ഥലമാണ് ദുരിതാശ്വാസത്തിന് നൽകുന്നത്. മൂവാറ്റുപുഴ നിർമ്മല കോളേജിൽ പഠിക്കുമ്പോൾ യൂണിയൻ ഭാരവാഹിയും എസ്എഫ്ഐയുടെ സജീവ പ്രവർത്തകനുമായിരുന്നു ജയചന്ദ്രൻ. എംസിഎ പൂർത്തിയാക്കി 20 വർഷമായി അമേരിക്കയിൽ സോഫ്റ്റ്‌വെയർ രംഗത്ത് ജോലി ചെയ്യുന്നു. അച്ഛൻ ചന്ദ്രശേഖര പണിക്കർ മുൻ റവന്യൂ ഇൻസ്പെക്ടർ ആണ്. സിപിഐ എം ലോക്കൽ കമ്മിറ്റി മുൻ അംഗമായ ഇദ്ദേഹം 13 വർഷം കാക്കൂർ സഹകരണ ബാങ്ക് പ്രസിഡന്റുമായിരുന്നു. അമ്മ ആനന്ദവല്ലി മുൻ അധ്യാപികയും കാക്കൂർ സഹകരണ ബാങ്ക് ഡയറക്ടർ ബോർഡ് മുൻ അംഗവുമാണ്. സിപിഐ എം അംഗമാണ്. ജയചന്ദ്രന്റെ ഭാര്യ ആന്റയും അമേരിക്കയിൽ സോഫ്റ്റ്‌വെയർ രംഗത്ത് ജോലി ചെയ്യുന്നു. മിശ്രവിവാഹിതരായ ഇവർക്ക് രണ്ടു മക്കൾ ഉണ്ട്. അഭിമന്യു ഫണ്ടിലേക്കും ജയചന്ദ്രൻ വലിയ തുക സംഭാവന നൽകിയിരുന്നു.